

# Palakkad Police Action

.facebook.com/palakkadpolice
www.twitter.com/DpcPalakkad

## കൊഴിഞ്ഞാമ്പാറ അതിർത്തിയിൽ 2240 ലിറ്റർ സ്പിരിറ്റ് പിടികൂടി.

തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേക്ക് കടത്താൻ ശ്രമിച്ച 2,240 ലിറ്റർ സ്പിരിറ്റ് കൊഴിഞ്ഞാമ്പാറ കലുക്കപ്പാറയിൽ പോലീസ് പിടികൂടി. ലോറിയിൽ വാർക്കപ്പണിസാധനങ്ങളുടെ അടിയിലൊളിപ്പിച്ച് കന്നാസുകളിൽ കടത്താൻ ശ്രമിച്ച സ്പിരിറ്റാണ് പിടികൂടിയത്. ലോറി ഡ്രൈവർ നല്ലേപ്പിള്ളി തോട്ടശ്ശേരി സ്വദേശി രതീഷിനെ (32) അറസ്റ്റ് ചെയ്തു.



കോയമ്പത്തൂരിലെ കോവിൽപാളയം എന്ന സ്ഥലത്തുനിന്ന് വാർക്കപ്പണിക്ക് ഉപയോഗിക്കുന്ന പലകയും പട്ടികകളും ഷീറ്റുകളും കയറ്റിവരികയായിരുന്നു ലോറി. പലകകൾക്കടിയിൽ പുറത്തറിയാത്ത വിധത്തിൽ 35 ലിറ്റർ കൊള്ളുന്ന 64 കന്നാസുകളിലായാണ് സ്പിരിറ്റ് ഒളിപ്പിച്ചിരുന്നത്. രഹസ്യവിവരത്തെത്തുടർന്ന് കുലുക്കപ്പാറ-കൊഴിഞ്ഞാമ്പാറ റോഡിൽ നടത്തിയ പരിശോധനയിൽ സ്പിരിറ്റ് കണ്ടെത്തുകയായിരുന്നു.





ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ ബെഹ്റ IPS ന് കിട്ടിയ രഹസ്യ വിവരത്തെ തുടർന്ന് ഡിവൈ.എസ്.പി. ജി.ഡി. വിജയകുമാറൻെറ നിർദ്ദേശപ്രകാരം കൊഴിഞ്ഞാമ്പാറ എസ്.ഐ. മനോജ്.കെ.ഗോപി, എ.എസ്.ഐ. വിജയൻ, സി.പി.ഒ.മാരായ അനുരഞ്ജിത്ത്, എഫ്. സുരേഷ് കുമാർ, കെ. സുരേഷ് കുമാർ, അനിൽകുമാർ, സുരേഷ് ബാബു, എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.